## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റി / സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു -

ഉത്തരവ് നം: എസ്റ്റാ -സി1/5717/2017/ കോ.വി.വ തീയതി :11.08.2017

പരാമർശം :-
1) സ.ഉ(സാധാ)നം.1496/2017/ഉ.വി.വ തീയതി.08.08.2017-ലെ ഉത്തരവ്
2) 11.07.2017-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
3) സീനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ
4) 31.03.2017-ലെ സി1/6768/2017/കോ.വി.വ നമ്പർ വിജ്ഞാപനം

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം | ശ്രീമതി.ഗീതാമണി.വി.എസ്-ന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് – തസ്തികയിൽ പ്രൊമോഷൻ ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവ് |

മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള സീനിയർ സൂപ്രണ്ടുമാരെ അപേക്ഷ പരിഗണിച്ച് പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.രാജൻ.എൻ,<br>സീനിയർ സൂപ്രണ്ട്<br>ബി.ജെ.എം.ഗവൺമെന്റ് കോളേജ്, ചവറ<br>(വിരമിക്കൽ പരിരക്ഷ) | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം<br>(ശ്രീമതി.ഗീതാമണി.വി.എസ്-ന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ പ്രൊമോഷൻ ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവ്) |
| 2 | ശ്രീമതി.ഹേമലത.എം.എസ്,<br>സീനിയർ സൂപ്രണ്ട്<br>ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ | ബി.ജെ.എം.ഗവൺമെന്റ് കോളേജ്, ചവറ<br>(ശ്രീ.രാജൻ.എൻ-നെ സ്ഥലം മാറ്റിയപ്പോൾ ഉണ്ടായ ഒഴിവ്) |

മേൽ സൂചിപ്പിച്ച സ്ഥലം മാറ്റത്തിനുശേഷം അവശേഷിക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള ജൂനിയർ സൂപ്രണ്ട്മാരെ പേരിനെതിരെ സൂചിപ്പിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് പരാമർശം (4) വിജ്ഞാപന പ്രകാരം മുൻഗണനാ ക്രമമനുസരിച്ച് 36600-79200 രൂപ (പ്രീ റിവൈസ്ഡ് 18740-33680) ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.പി.ശിവമംഗൾ,<br>ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്)<br>കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | ഗവണ്മെന്റ് കോളേജ്, ആറ്റിങ്ങൽ<br>(ശ്രീമതി.ഹേമലത.എം.എസ്, സീനിയർ സൂപ്രണ്ടിനെ സ്ഥലം മാറ്റിയപ്പോൾ ഉണ്ടായ ഒഴിവ്) |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഡിക്ലറേഷൻ ഫോറം അക്കൌണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
എം.എസ്.ജയ.,.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-

1. അക്കൌണ്ടന്റ് ജനറൽ, കോട്ടയം.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. അക്കൌണ്ടന്റ് ജനറൽ, തിരുവനന്തപുരം.
4. സി.എ – ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
5. സൂപ്രണ്ട് സി / ജെ സെക്ഷനുകൾക്ക്
6. കരുതൽ ഫയൽ,
7. നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി:11.08.2017

0639239 GOVERNMENT OF KERALA 2015 -16